# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*205 11.03.2020- ൽ മറുപടിക്ക്**

**കൈത്തറി മേഖലയിലെ പ്രതിസന്ധി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.പി.ജെ.ജോസഫ്<br>ശ്രീ.സി.എഫ്.തോമസ് | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) സ്കൂൾ കുട്ടികൾക്ക് കൈത്തറി തുണികൾ നൽകിയ വകയിൽ സംസ്ഥാനത്തെ കൈത്തറി തൊഴിലാളികൾക്കും സംഘങ്ങൾക്കും വില കിട്ടാതെ പ്രതിസന്ധിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ, അധികവേതനം എന്നിവ ലഭ്യമാക്കി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. പ്രസ്തുത പദ്ധതി നടപ്പിലാക്കി 3 വർഷം പിന്നിട്ടപ്പോൾ നെയ്ത്ത് കൂലിയിനത്തിൽ ഏകദേശം 124.8 കോടിയോളം രൂപ നെയ്ത്ത് തൊഴിലാളികൾക്കും സംഘത്തിനുമായി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ കൂലി, നൂലിന്റെ വില എന്നിവ നല്കുന്നതിൽ കുടിശ്ശിക വന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും 48 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട് . പ്രസ്തുത തുക അടിയന്തിരമായി തന്നെ തൊഴിലാളികൾക്കും സംഘത്തിനും വിതരണം ചെയ്യുന്നതാണ്. |
| (ബി) കൈത്തറി മേഖലയിൽ അനുഭവപ്പെടുന്ന നൂൽ ക്ഷാമവും തുണികൾ കെട്ടിക്കിടക്കുന്നതും വൻ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നത് പരിശോധിക്കുമോ; | (ബി) കൈത്തറി മേഖലയിൽ സർക്കാർ നടപ്പിലാക്കി വരുന്ന സ്കൂൾ യൂണിഫോം പദ്ധതിയിൽ യൂണിഫോം തുണിയ്ക്ക് ആവശ്യമായ നൂൽ കേന്ദ്രസർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ഹാന്റ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ (എൻ.എച്ച്.ഡി.സി) മുഖേന കേരളത്തിലെ വിവിധ സ്പിന്നിംഗ് മില്ലുകളിൽ നിന്നുമാണ് ലഭ്യമാക്കികൊണ്ടിരിക്കുന്നത്. 2020-21 അധ്യയന വർഷത്തേക്കുള്ള യൂണിഫോം തുണിയുടെ ഉല്പാദനം ഏകദേശം 90% പൂർത്തിയായി കഴിഞ്ഞു. എന്നാൽ നെയ്ത്ത് കൂലിയും, നൂലിന്റെ വിലയും കുടിശ്ശിക ആയതിനാൽ ആയതിലേക്കായി അടിയന്തിരമായി 48 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിനാൽ നൂൽ വിതരണം മുമ്പുള്ളതു പോലെ പുനഃസ്ഥാപിക്കുന്നതാണ്. നെയ്ത തുണികൾ ഹാന്റക്സ്, ഹാൻവീവ് എന്നിവ വഴിയാണ് ശേഖരിക്കുന്നത്. പ്രസ്തുത തുണികൾ ഡൈ ചെയ്യുന്നതിനുള്ള നടപടികൾ |

ആരംഭിച്ചതിനാൽ, ശേഖരിച്ച തുണികൾ ഡൈ ചെയ്യുന്നതിനായി അയക്കുന്നതിന് ഹാൻടെക്സിനും ഹാൻവീവിനും കൈത്തറി ഡയറക്ടർ നിർദ്ദേശം നല്കിയിട്ടുണ്ട്.

തുണികൾ കെട്ടികിടക്കുന്നതു കാരണം വൻ പ്രതിസന്ധി സൃഷ്ടിച്ചുവെന്നതു ശ്രദ്ധയിൽപെട്ടിട്ടില്ല. വിഷു, ഓണം, ക്രിസ്തുമസ് തുടങ്ങിയ വിശേഷ ദിവസങ്ങളിൽ റീജിയണൽ എക്സ്പോ എന്ന പദ്ധതിയുടെ ഭാഗമായി എക്സിബിഷൻ നടത്തി തുണിത്തരങ്ങൾ വിറ്റഴിക്കുന്നതിന് നിലവിൽ ധനസഹായം നല്കി വരുന്നുണ്ട്. കൂടാതെ ശബരിമല സീസൺ, ആറ്റുകാൽ പൊങ്കാല സീസൺ എന്നീ അവസരങ്ങളിലും എക്സിബിഷനുകൾ നടത്തി വില്പന പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ഈ പദ്ധതിക്കായി 1.21 കോടി രൂപയാണ് ധനസഹായമായി നല്കിയിട്ടുള്ളത്.

(സി) കൈത്തറി കയറ്റുമതി പ്രോത്സാഹിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; കയറ്റുമതിയിൽ ചെറുകിട സംഘങ്ങളെയും കുടിൽ വ്യവസായമായി കലത്തൊഴിൽ ചെയ്യുന്നവരെയും ഉൾപ്പെടുത്തുമോ;

(സി) കൈത്തറി കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് നിലവിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ പ്രാഥമിക ചെറുകിട കൈത്തറി സഹകരണ സംഘങ്ങൾക്ക് അവർ കയറ്റുമതി ചെയ്യുന്ന ഉത്പന്നങ്ങളുടെ യഥാർത്ഥ മൂല്യത്തിന്റെ 20% തുക ഇൻസെന്റീവായി നല്കിവരുന്നുണ്ട്. കുടിൽ വ്യവസായമായി കലത്തൊഴിൽ ചെയ്യുന്നവരെ ഈ പദ്ധതിയിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) നൂൽക്ഷാമം രൂക്ഷമായതും ടെക്സ്റ്റയിൽ കോർപ്പറേഷന്റെ തുണി മില്ലുകൾ തുറന്നു പ്രവർത്തിപ്പിക്കാത്തതും കാരണം കൈത്തറി മേഖല തകർന്നിരിക്കുന്ന അവസ്ഥയ്ക്ക് അടിയന്തര പരിഹാര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

(ഡി) കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷനു കീഴിലുള്ള തുണിമില്ലുകളായ ആലപ്പുഴയിലെ കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ, കണ്ണൂരിലെ പിണറായി ഹൈടെക് വീവിംഗ് മിൽ, എന്നിവ പ്രവർത്തനക്ഷമമാണ്. ഈ മില്ലുകൾ സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിക്കു വേണ്ടി നൂൽ നൽകുന്നുണ്ട്. കോർപ്പറേഷനു കീഴിലുള്ള മറ്റു 5 യൂണിറ്റു മില്ലുകളിലും നൂൽ ഉൽപാദിപ്പിച്ച് കമ്പോളത്തിൽ നേരിട്ടു വിൽക്കുന്ന രീതിയാണ് നിലവിലുള്ളത്. തുണിമില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കാത്തത് കാരണം കൈത്തറി മേഖല തകർന്നിരിക്കുന്ന അവസ്ഥ നിലവിലില്ല.

സെക്ഷൻ ഓഫീസർ